**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ആംബുലൻസ് സൗകര്യമുൾപ്പെടെയുള്ള വെറ്ററിനറി കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് രാത്രികാലങ്ങളിലടക്കം വെറ്ററിനറി സേവനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി ആംബുലൻസ് സൗകര്യമുൾപ്പടെയുള്ള കേന്ദ്രങ്ങൾ ബ്ലോക്കുകളിൽ ആരംഭിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു. വാഹനങ്ങളുടെ പർച്ചേസ് കഴിഞ്ഞിട്ടുണ്ട്. വാഹനങ്ങളുടെ ഫാബ്രിക്കേഷൻ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. അവശേഷിക്കുന്ന ബ്ളോക്കുകളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ നിന്നും ഫണ്ട് കണ്ടെത്തി സേവനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | എല്ലാ ജില്ലകളിലും തെരെഞ്ഞെടുത്ത 2 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു; കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ നടപ്പിലാക്കുന്നതും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ